കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 17 | ലക്കം 1 | ജൂലായ് 15 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

## അകത്താളുകളിൽ

2 വിപണി കീഴടക്കി കൃഷിവകുപ്പിന്റെ കൃഷി കൂട്ടങ്ങൾ

3 പച്ചക്കറി വികളുടെ ഫ്ലാഗ് ഓഫ് കൃഷിമന്ത്രി നിർവഹിച്ചു

5 ജൈവ പച്ചക്കറികൾ ഇനി മുതൽ ശിശുക്ഷേമ സമിതിയിലും

# ഇന്റർനാഷണൽ അഗ്രിക്കൾച്ചർ ആന്റ് ഹോർട്ടി എക്സ്പോയിൽ കേരളത്തിന് അംഗീകാരം




2023 ജൂലൈ 21, 22, 23 തീയതികളിൽ ന്യൂഡൽഹി പ്രഗതി മൈതാനത്തിൽ എൻ.എൻ.എസ്. മീഡിയ ഗ്രൂപ്പ് സംഘടിപ്പിച്ച ഇന്റർനാഷണൽ അഗ്രിക്കൾച്ചർ ആന്റ് ഹോർട്ടി എക്സ്പോയിൽ കേരള സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷന്റെ സ്റ്റാൾ സന്ദർശകരുടെ ശ്രദ്ധാകേന്ദ്രമായി. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം ഈ എക്സ്പോയിൽ കേരളത്തിൽ നിന്നും 11 കർഷകർക്ക് പങ്കെടുക്കുന്നതിനുള്ള അവരുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും നടത്തുവാൻ അവസരം ലഭ്യമായി.

കേരളത്തിന്റെ കാർഷിക പാരമ്പര്യവും വൈവിധ്യവും നിലനിർത്തുന്ന കേരളത്തിന്റെ സ്റ്റാളിൽ ഉൾകൊണ്ടുള്ള മുപ്പതോളം മൂല്യവർദ്ധിത ഉത്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, ജൈവരീതിയിൽ കൃഷി ചെയ്ത മഞ്ഞൾ, കുരുമുളക്, വിവിധയിനം ഉപ്പേരികൾ, സംസ്ഥാന ഫലമായ ചക്ക കൊണ്ടുള്ള ഉത്പ്പന്നങ്ങളായ ചക്ക ഹൽവ, ചക്കവരട്ടി, അച്ചാർ, മിഠായി, ചക്കപ്പൊടി, ചക്കക്കുരു വിഭവങ്ങളായ ചമ്മന്തി, അച്ചാർ, പുട്ടുപൊടി, ചക്കയും പാലടയും ചേർന്ന പായസം മിക്സ്, ചക്കക്കേക്ക്, ചക്ക ബിസ്ക്കറ്റ് എന്നിവയും നെല്ലിക്കാപൊടി, സ്റ്റീവിയ പൊടി ഉടങ്ങിയവയുടെ പ്രദർശനവും വിപണനവും സന്ദർശകർക്കായ് ഒരുക്കിയിരുന്നു. ജൈവ രീതിയിൽ കൃഷി ചെയ്ത മഞ്ഞളിൽ നിന്നും വേർതിരിച്ചെടുത്ത Curcumeal, First Drink എന്നീ ഉത്പന്നങ്ങൾക്ക് സാധാരണ മഞ്ഞളിനെ അപേക്ഷിച്ച് കുർക്കുമിൻ ആഗീരണം ശേഷി വളരെയധികമുള്ളതായി ഉത്പാദകർ അവകാശപ്പെടുന്നു. ഇത് ദിവസേന സേവിക്കുന്നത് പ്രതിരോധശേഷി വർദ്ധിപ്പിക്കാൻ ഉതകുമെന്ന് ഉള്ളതിനാൽ എക്സ്പോയിൽ പ്രത്യേക ശ്രദ്ധ ആകർഷിച്ചു.

അഗ്രിക്കൾച്ചർ ഹോർട്ടി എക്സ്പോ 2023-ൽ കേരളത്തിന്റെ സ്റ്റാൾ ഒരുക്കിയ സംസ്ഥാന ഹോർട്ടിക്കച്ചർ മിഷൻ-കേരളയ്ക്ക് Excellent Promotion of Horticulture എന്ന വിഭാഗത്തിൽ ഒന്നാം സമ്മാനം ലഭിച്ചു.

ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - അനിൽ ബി.കെ.
അസിസ്റ്റൻറ് എഡിറ്റർ - മുഹമ്മദ് റിയാസ്

# വിപണി കീഴടക്കി കൃഷിവകുപ്പിന്റെ കൃഷി കൂട്ടങ്ങൾ

കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പൂജപ്പുര സരസ്വതി മണ്ഡപത്തിൽ സംഘടിപ്പിച്ചിരിക്കുന്ന ഞാറ്റുവേല ചന്തകളുടെയും കർഷക സഭകളുടെയും സംസ്ഥാനതല സമാപന സമ്മേളനത്തോടനുബന്ധിച്ചുള്ള പ്രദർശനമേളയിൽ കൃഷിവകുപ്പിന്റെ കൃഷി കൂട്ടങ്ങളുടെ ഉൽപ്പന്നങ്ങൾ ജനപ്രിയമായി. ജില്ലയിലെ ബ്ലോക്കുകൾക്ക് കീഴിലുള്ള വിവിധ കൃഷി കൂട്ടങ്ങളും FPO കളും ഉത്പാദിപ്പിക്കുന്ന മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാണ് പ്രദർശനത്തിനും വിപണനത്തിനുമായി എത്തിച്ചിട്ടുള്ളത്.



പള്ളിച്ചൽ ബ്ലോക്കിന് കീഴിലുള്ള നേമം ജീവനി FPO ഉല്പാദിപ്പിക്കുന്ന 'morning mushroom turmeric ' എന്ന കൊറോണ പ്രതിരോധിയായ ബൂസ്റ്റർ വിപണിയിൽ വ്യത്യസ്തത കൈവരിച്ചിട്ടുണ്ട്. മഞ്ഞൾ ഇനങ്ങളിൽ curkumin കൂടുതലുള്ള പ്രതിഭയിനം മഞ്ഞൾപൊടി, കൂൺ, ഇഞ്ചി, കുരുമുളക് എന്നിവ ചേർത്തുണ്ടാക്കിയ ഈ ബൂസ്റ്ററിന് വിപണിയിൽ 100 ഗ്രാമിന് 190 രൂപ വിലയ്ക്ക് വിൽക്കുമ്പോൾ പ്രദർശനമേളയിൽ ഇത് വിലകുറച്ച് 130 രൂപയ്ക്കാണ് ആവശ്യക്കാർക്ക് നൽകിയത്. ഇതിനുപുറമേ കല്ലിയൂരിലെ കർഷകർ സ്വന്തം ബ്രാൻഡിൽ ഓൺലൈൻ വിപണിയിലടക്കം സേവനം നൽകിവരുന്ന 'കല്ലിയൂർ ഗ്രീൻസ്' ന്റെ ഉൽപ്പന്നങ്ങളും മേളയിൽ ശ്രദ്ധേയമാണ് തദ്ദേശീയമായി നിർമ്മിക്കുന്ന മഞ്ഞൾപ്പൊടി, നാടൻ കുത്തരി, പച്ചരി,അരി വിവിധ അരിയുൽപ്പന്നങ്ങൾ, ചക്കയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ, ഫ്രഷ് കട്ട് പച്ചക്കറികൾ, ബനാന കേക്ക് തുടങ്ങിയവയെല്ലാം മേളയിൽ വില്പനയ്ക്ക് ഒരുക്കിയിരുന്നു.

പാറശാല ബ്ലോക്കിന് കീഴിലെ പാറശ്ശാല ബനാന എക്സ്പോർട്ട് FPO യുടെ വാഴയിൽ നിന്നുമുള്ള ഉൽപ്പന്നങ്ങളായ ലിപ് ബാം, സോപ്പ്, ഷാംപൂ കൺഡീഷണർ എന്നിവയ്ക്ക് പുറമേ വാഴനാര് കൊണ്ടുള്ള ഉൽപ്പന്നങ്ങളും ഏറെ ശ്രദ്ധേയമായി.

നെടുമങ്ങാട് ബ്ലോക്കിനു കീഴിലെ കൃഷി കൂട്ടങ്ങളിൽ നിന്നും മുരിങ്ങയിലയിൽ നിന്നുള്ള വ്യത്യസ്തമായ മൂല്യ വർദ്ധിത ഉത്പന്നങ്ങളായ മുരിങ്ങയില പൊടി, മുരിങ്ങയില പുട്ടുപൊടി, ചമ്മന്തിപ്പൊടി, മുരിങ്ങയില ലഡു തുടങ്ങിയവയും പ്രദർശനമേളയിൽ ലഭ്യമായിരുന്നു. ഇതിനുപുറമേ കുഞ്ഞുങ്ങൾക്ക് പോഷകപ്രദമായ ചെറു ധാന്യങ്ങളുടെ കൂട്ടും, ബനാന മിക്സും, കൂവപ്പൊടിയും, റാഗി പൊടിയ്ക്കും ആവശ്യക്കാർ ഏറെ. ഉൽപാദന മേഖല ലക്ഷ്യം വെച്ചുകൊണ്ടുള്ള ഒരുമ കൃഷി കൂട്ടത്തിന്റെ വിദേശയിനം പച്ചക്കറിയായ 'ഓസ്ട്രേലിയൻ ബട്ടർനട്ട്' സന്ദർശകർക്ക് കൗതുക കാഴ്ചയൊരുക്കി.

തനി നാടൻ നെല്ലരികൾക്ക് പ്രിയമേറുന്ന കാലഘട്ടത്തിൽ ആറ്റിങ്ങൽ ബ്ലോക്കിലെ ചിറയിൻകീഴ് ശാർക്കര കൃഷി കൂട്ടത്തിന്റെ ശാർക്കര പച്ചരിയും, മുദാക്കൽ കൃഷിക്കൂട്ടത്തിന്റെ കതിർമണി നെല്ലരിയും വിപണിയിൽ സ്ഥാനം പിടിച്ചു. കൂടാതെ മാമംനട കൃഷി കൂട്ടത്തിന്റെ തവിടോടുകൂടിയുള്ള 'കിഴവിലാം കുത്തരിക്കും' ആവശ്യക്കാർ ഏറെ. മറ്റു കൃഷി കൂട്ടങ്ങളുടെ ഉൽപ്പന്നങ്ങളായ ചക്കയിൽ നിന്നുള്ള ചക്ക ഹൽവ, ചക്കക്കുരു പേട, ചക്ക ജാം, ചക്ക ലഡു, ചക്ക അച്ചാർ, മധുരക്കിഴങ്ങ് മിക്സ്ചർ, ക്യാരറ്റ് ബീറ്റ് റൂട്ട് പക്കവട തുടങ്ങിയവയ്ക്ക് പുറമേ കൂണിൽ നിന്നും തേനിൽ നിന്നുമുള്ള വ്യത്യസ്തമായ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ പ്രദർശനമേളയിൽ വിപണി കീഴടക്കി.



# പച്ചക്കറി വികളുടെ ഫ്ളാഗ് ഓഫ് കൃഷിമന്ത്രി നിർവഹിച്ചു




കൃഷിവകുപ്പ് വിപണി ഇടപെടലിന്റെ ഭാഗമായി ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ ഒരുക്കിയ പച്ചക്കറി വണ്ടികളുടെ ഫ്ലാഗ് ഓഫ് കൃഷി മന്ത്രി ശ്രീ. പി പ്രസാദ് നിർവഹിച്ചു. തിരുവനന്തപുരം ജില്ലയിലെ 8 മൊബൈൽ യൂണിറ്റുകളാണ് നിയമസഭയ്ക്ക് മുന്നിൽ നിന്നും ഫ്ലാഗ് ഓഫ് ചെയ്തത്. 24 സഞ്ചരിക്കുന്ന പച്ചക്കറി ചന്തകളാണ് വിപണി വില പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി ഒരുക്കിയത്.

കർഷകരിൽ നിന്നും നേരിട്ട് ശേഖരിക്കുന്ന പച്ചക്കറികൾ ആവശ്യക്കാരിലേക്ക് നേരിട്ട് എത്തിക്കുവാനും കർഷകർക്ക് മികച്ച വിലയും പൊതുജനത്തിന് കുറഞ്ഞ നിരക്കിലും വിപണിയിൽ ഗുണമേന്മയുള്ള പച്ചക്കറികൾ സുലഭമാക്കുകയാണ് ഇതുവഴി കൃഷിവകുപ്പ് ലക്ഷ്യമിട്ടത്. പൊതുവിപണിയിൽ നിന്നും 30% വരെ വിലക്കുറവിലാണ് ഹോർട്ടിക്കോർപ്പ് പച്ചക്കറികൾ വിൽപ്പനയ്ക്ക് ഒരുക്കിയത്. 200 രൂപ വില വരുന്ന പച്ചക്കറി കിറ്റുകളും ലഭിക്കും. വെണ്ട, മുളക്, പടവലം, അമര, കത്തിരി, മത്തൻ, വെള്ളരി തക്കാളി, സവാള തുടങ്ങിയ 15 ഇനം പച്ചക്കറികളാണ് കിറ്റിൽ ഉള്ളത്. പച്ചക്കറി വണ്ടിയുടെ സേവനം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധികളിലുണ്ടായിരുന്നു.



# മഴക്കെടുതിയിലുാകുന്ന കൃഷി നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യാൻ കൃഷി വകുപ്പ് ജില്ലതലത്തിൽ കൺട്രോൾ റൂമുകൾ തുറന്നു

മഴക്കെടുതി മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ അറിയിക്കുന്നതിനും, ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി കൃഷിവകുപ്പ് ജില്ലാതല കൺട്രോൾ റൂമുകൾ തുറന്നു. കൃഷി നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ദുരന്ത ലഘൂകരണത്തിനുമായി കർഷകർക്ക് താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാം.

| | | | |
|---|---|---|---|
| 1 | തിരുവനന്തപുരം | 9446289277 | 9562435768 |
| 2 | കൊല്ലം | 9447905620 | 9497158066 |
| 3 | പത്തനംതിട്ട | 9446041039 | 9446324161 |
| 4 | ആലപ്പുഴ | 7559908639 | 9539592598 |
| 5 | കോട്ടയം | 9446333214 | 7561818724 |
| 6 | എറണാകുളം | 8921109551 | 9496280107 |
| 7 | തൃശ്ശൂർ | 9495132652 | 8301063659 |
| 8 | ഇടുക്കി | 9447037987 | 8075990847 |
| 9 | പാലക്കാട് | 8547395490 | 9074144684 |
| 10 | മലപ്പുറം | 9744511700 | 9446474275 |
| 11 | കോഴിക്കോട് | 9847402917 | 9383471784 |
| 12 | വയനാട് | 9495622176 | 9495143422 |
| 13 | കണ്ണൂർ | 9383472028 | 9495887651 |
| 14 | കാസർഗോഡ് | 9446413072 | 7999829425 |

കർഷകർക്ക് കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ വഴി കൃഷി നാശനഷ്ടങ്ങൾക്ക് ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കാം. അതിനായി എയിംസ് പോർട്ടലിൽ (www.aims.kerala.gov.in) ലോഗിൻ ചെയ്ത് കൃഷിഭൂമിയുടെയും, നാശനഷ്ടം സംഭവിച്ച കാർഷിക വിളകളെയും സംബന്ധിച്ച വിവരങ്ങൾ ചേർത്ത് കൃഷിഭവനുകളിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.aims.kerala.gov.in, www.keralaagriculture.gov.in വെബ്സൈറ്റുകൾ സന്ദർശിക്കണം.

# റബ്ബറുത്പാദനത്തിലും ഉപഭോഗത്തിലും വർദ്ധന

രാജ്യത്തെ പ്രകൃതിദത്തറബ്ബറിന്റെ ഉത്പാദനത്തിലും ഉപഭോഗത്തിലും 2022-23-ൽ മുൻവർഷത്തെ അപേക്ഷിച്ച് യഥാക്രമം 8.3 ശതമാനവും 9.0 ശതമാനവും വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. 2021-22-ൽ 775000 ടണ്ണായിരുന്ന റബ്ബറുത്പാദനം 2022-23-ൽ 839000 ടണ്ണായി ഉയർന്നു. അതേസമയം 2021-22-ൽ 1238000 ടണ്ണായിരുന്ന ഉപഭോഗം വർദ്ധിച്ച് 2022-23-ൽ 1350000 ടണ്ണിലെത്തി. ചെറുകിട-വൻകിട റബ്ബർകർഷകർ, സംസ്ക്കർത്താക്കൾ, ടയർ-ടയറിതര ഉത്പന്നനിർമ്മാതാക്കൾ, റബ്ബറുത്പാദകസംഘങ്ങൾ തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ പ്രതിനിധികളെ ഉൾപെടുത്തിക്കൊണ്ട് റബ്ബർബോർഡ് രൂപവത്ക്കരിച്ചിട്ടുള്ള സ്റ്റാറ്റിസ്റ്റിക്സ് കൺസൾട്ടേറ്റീവ് പാനലിന്റെ ഇരുപത്തിയൊന്നാമത് യോഗത്തിലാണ് പ്രകൃതിദത്തറബ്ബർ സംബന്ധിച്ച സ്ഥിതി വിവരങ്ങൾ വിശകലനം ചെയ്യപ്പെട്ടത്.

2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിലേതുമായി താരതമ്യം ചെയ്യുമ്പോൾ പ്രകൃതിദത്തറബ്ബറിന്റെ സ്ഥിതി വിവരങ്ങളിൽ 2022-23-ൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളെക്കുറിച്ച് പാനൽയോഗം ചർച്ചചെയ്തു. ലോക റബ്ബറുത്പാദകരാജ്യങ്ങളിൽ ഇന്ത്യ ആറാം സ്ഥാനത്താണ്. ആഗോള ഉത്പാദനത്തിൽ 2022-ൽ ഇന്ത്യയുടെ വിഹിതമാകട്ടെ 5.8 ശതമാനവും. അതുപോലെ ആഗോള ഉപഭോഗത്തിന്റെ 9.3 ശതമാനമാണ് ഇന്ത്യയുടെ വിഹിതം.

രാജ്യത്തെ റബ്ബറുത്പാദനം മെച്ചപ്പെടുത്തുന്നതിന് റബ്ബർബോർഡ് നടത്തിയ ശ്രമങ്ങളാണ് ഉത്പാദനം മെച്ചപ്പെടുന്നതിന് കാരണമായിട്ടുള്ളത്. റബ്ബറുത്പാദകസംഘങ്ങൾ വഴി റെയിൻഗാർഡിങ് വസ്തുക്കൾ വിതരണംചെയ്ത് മഴക്കാലത്ത് മരങ്ങളിൽ മഴമറ ഇടീപ്പിച്ചതിനാൽ കർഷകർക്ക് കൂടുതൽ ദിവസങ്ങൾ വിളവെടുക്കാൻ കഴിഞ്ഞു. സംസ്ഥാനസർക്കാർ നടപ്പാക്കുന്ന റബ്ബറുത്പാദന പ്രോത്സാഹന പദ്ധതിയും ടാപ്പിങ് കാര്യക്ഷമമായി തുടരുന്നതിന് കർഷകരെ പ്രേരിപ്പിച്ചിട്ടുണ്ട്. ഇലരോഗങ്ങളുടെ നിയന്ത്രണം, തോട്ടങ്ങൾ ദത്തെടുത്ത് വിളവെടുക്കൽ, റബ്ബർ ടാപ്പർ ഗ്രൂപ്പുകളുടെ രൂപവത്ക്കരണം എന്നിവയെല്ലാം ഉത്പാദനം കൂടാനുള്ള മറ്റ് കാരണങ്ങളാണ്.

രാജ്യത്തെ റബ്ബറുപഭോഗത്തിന്റെ 70.3 ശതമാനവും ടയർമേഖലയിലാണ്. ഈ മേഖലയിൽ 4.8 ശതമാനം വർദ്ധന രേഖപ്പെടുത്തിയിട്ടുണ്ട്. ടയറിതര റബ്ബറുത്പന്നമേഖലയിൽ 20.4 ശതമാനം വർദ്ധനയുണ്ടായത് ഉപഭോഗമേഖലയുടെ വളർച്ച ത്വരിതപ്പെടുത്തി. മുൻവർഷത്തെ അപേക്ഷിച്ച് 2022-23 -ൽ യാത്രാവാഹനങ്ങളുടെ കയറ്റുമതിയിലും 14.7 ശതമാനം വർദ്ധന ഉണ്ടായിട്ടുണ്ട്.

# ജൈവ പച്ചക്കറികൾ ഇനി മുതൽ ശിശുക്ഷേമ സമിതിയിലും



ശിശുക്ഷേമ സമിതി ആസ്ഥാനത്ത് പരിചരണയിലുള്ള കുട്ടികൾക്ക് വേണ്ടി സമിതി അങ്കണത്തിൽ ജൈവ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിന് നടീൽ ഉത്സവം നടത്തി. തിരുവനന്തപുരത്തെ സംസ്ഥാന ശിശുക്ഷേമ സമിതി അങ്കണത്തിൽ ജൈവ പച്ചക്കറി നടീൽ ഉത്സവത്തിൻറെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി ശ്രീ. പി പ്രസാദ് നിർവ്വഹിച്ചു. ജനസംഖ്യയും ഉപഭോഗവും കൂടുന്തോറും സാധ്യമായ വിഭവശേഷി പ്രയോജനപ്പെടുത്തി നമുക്കാവശ്യമായ വിഷരഹിത പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചാലേ വിലക്കയറ്റം നിയന്ത്രിക്കാനാകൂ എന്ന് മന്ത്രി അഭിപ്രായപ്പെട്ടു. ലഭ്യമായ സ്ഥല സൗകര്യങ്ങൾ എല്ലാം തന്നെ പ്രയോജനപ്പെടുത്തി പച്ചക്കറിത്തോട്ടങ്ങൾ സജ്ജീകരിച്ച് ഒരു പുത്തൻ കാർഷിക സംസ്കാരം ഉണ്ടാക്കാൻ മലയാളികൾ മുന്നോട്ടു വരണം. എങ്കിലേ വിഷം കലർന്നു വരുന്ന അന്യനാട്ടിലെ പച്ചക്കറികൾ ഉപേക്ഷിച്ച് നമ്മുടെ കുട്ടികൾക്കെങ്കിലും മാരകരോഗങ്ങളുണ്ടാകാതെ നല്ല ആരോഗ്യത്തിനായി നല്ല



ഭക്ഷണം കൊടുക്കാൻ കഴിയൂവെന്നും മന്ത്രി പറഞ്ഞു.

ഭക്ഷണം കഴിക്കുന്നവരെല്ലാം കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. കൃഷിയുടെ ആനുകൂല്യങ്ങൾ പറ്റാത്തവർ ആരുമില്ല. ആരെങ്കിലും ഉണ്ടാക്കികൊണ്ടു വരട്ടെ എന്ന മലയാളിയുടെ മനസ്സ് അടിമുടി മാറി കഴിയുന്നത്ര നമ്മൾ കൂടി ഉണ്ടാക്കാൻ ശ്രമിക്കണം. നമ്മുടെ മക്കളിലും വിഷം കലരുന്നു എന്ന യാഥാർത്ഥ്യം മനസ്സിലാക്കി പച്ചക്കറി, ഇലക്കറി, പഴവർഗ്ഗങ്ങൾ ഇവയുടെ വരവും കാത്ത് ഇരിക്കാതെ നമ്മുടെ നാട് സ്വയം പര്യാപ്തതയിലെത്തണം. ശിശുക്ഷേമ സമിതിയിലെ കുട്ടികളുടെ ഭാവിയും കരുതലും മുൻനിർത്തി ജൈവ പച്ചക്കറികൾ വിളയിപ്പിച്ച് പോഷക ഭക്ഷണം നൽകാൻ ശിശുക്ഷേമ സമിതി മുൻകൈയെടുത്തത് ശ്ലാഘനീയമാണെന്നും, കേരളം സമിതിയെ മാതൃകയാക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ശിശുക്ഷേമ സമിതിയിലെ കുരുന്നുകൾക്ക് വേണ്ടി ജൈവ പച്ചക്കറി വിളയിക്കുക എന്ന ലക്ഷ്യത്തോടെയാണ് സമിതി അങ്കണത്തിലും സമിതിക്ക് കീഴിലെ 9 കേന്ദ്രങ്ങളിലും ജൈവ പച്ചക്കറി കൃഷി ആരംഭിക്കുന്നത്. സമിതി വൈസ് പ്രസിഡൻറ് ശ്രീ. പി. സുമേശൻ



അധ്യക്ഷത വഹിച്ച യോഗത്തിൽ ബാലാവകാശ കമ്മീഷൻ ആക്ടിംഗ് ചെയർപേഴ്സൺ ശ്രീ. സി. വിജയകുമാർ, ദത്തെടുക്കൽ കേന്ദ്രത്തിലെ കുട്ടികൾ, സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി ശ്രീ. ജി.എൽ അരുൺ ഗോപി, വൈസ് പ്രസിഡൻറ് ശ്രീ. പി. സുമേശൻ, ജോയിൻറ് സെക്രട്ടറി ശ്രീമതി. മീര ദർശക്, ട്രഷറർ ശ്രീ. കെ. ജയപാൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ ശ്രീ. ഒ.എം. ബാലകൃഷ്ണൻ, ശ്രീ. എം.കെ. പശുപതി, അഡ്വ. യേശുദാസ് പറപ്പിള്ളി, എഫ്.ഐ.ബി. പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ശ്രീമതി. ആശ. എസ്. കുമാർ, മീഡിയ ലൈസൻ ഓഫീസർ ശ്രീ. അനിൽ ബി.കെ. തുടങ്ങിയവർ പങ്കെടുത്തു. ജനറൽ സെക്രട്ടറി ശ്രീ. ജി.എൽ അരുൺ ഗോപി സ്വാഗതവും ട്രഷറർ ശ്രീ. കെ. ജയപാൽ നന്ദിയും പറഞ്ഞു.

# നെൽകൃഷിക്ക് കൂടുതൽ സാമ്പത്തിക പിന്തുണ ആവശ്യം: ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ്

കേരളത്തിലെ നെൽകൃഷിയ്ക്ക് കൂടുതൽ സാമ്പത്തിക പിന്തുണ കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ)യിലൂടെ അനുവദിക്കണമെന്ന് കൃഷി വകുപ്പ് മന്ത്രി ശ്രീ. പി പ്രസാദ് ആവശ്യപ്പെട്ടു. കേരളത്തിലെ കാർഷിക മേഖലയിലെ വിവിധ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് കേന്ദ്ര കൃഷി വകുപ്പ് മന്ത്രി ശ്രീ. നരേന്ദ്രസിങ് തോമറുമായി നേരിട്ട് നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യം ഉന്നയിച്ചത്. നിലവിൽ ആർ.കെ.വി.വൈ പദ്ധതിയിൽ ലഭിക്കുന്ന മൊത്ത കേന്ദ്ര സഹായത്തിന്റെ 10% മാത്രമേ നെൽകൃഷിയ്ക്ക് അനുവദിക്കുന്നുള്ളൂ. ഈ പരിധി ഉയർത്തി കൂടുതൽ കേന്ദ്ര സഹായം അനുവദിക്കുകയും, അത്തരത്തിൽ കൂടുതൽ നെൽ കർഷകർക്ക് സഹായമെത്തിക്കുവാനും സാധിക്കും. കേരളത്തിലെ നെൽകൃഷിയുടെ പ്രത്യേകതകൾ കണക്കിലെടുത്ത് ഈ ആവശ്യം പ്രത്യേകം പരിഗണിക്കാമെന്ന് കേന്ദ്ര കൃഷിമന്ത്രി സംസ്ഥാനത്തിന് ഉറപ്പ് നൽകി.

കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പദ്ധതിയായ 10,000 കാർഷികോത്പാദന സംഘടനകളു (എഫ്.പി.ഒ)ടെ രൂപീകരണവും കാർഷിക മേഖലയുടെ വികസനവും എന്ന പദ്ധതിയിൽ കേരളത്തിലെ എഫ്.പി.ഒ നടത്തിപ്പ് ഏജൻസിയായ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് ക? സോർഷ്യ (എസ്.എഫ്.എ.സി)ത്തെ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ കേന്ദ്രകൃഷിമന്ത്രിയെ അറിയിക്കുകയുണ്ടായി. കേരളത്തിലെ എസ്.എഫ്.എ.സി ഇപ്പോൾ തന്നെ പ്രത്യേക പദ്ധതി സഹായമായി 50 പുതിയ എഫ്.പി.ഒ രൂപീകരണവും 50 നിലവിലുള്ള എഫ്പിഒകളുടെ ശാക്തീകരണവുമെന്ന പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്. ഇതിന് വേണ്ടി ഒരു പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) സ്ഥാപിച്ച

കഴിഞ്ഞതായും, അതിനാൽ കൂടുതൽ കാർഷികോത്പാദന സംഘടനകളുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ കേരളത്തിലെ എസ്.എഫ്.എ.സി. പര്യാപ്തമാണെന്നും കൃഷി മന്ത്രി അറിയിച്ചു. കേരളത്തിൽ നടപ്പിലാക്കുന്ന എഫ്.പി.ഒ.കൾ മികച്ച രീതിയിൽ പ്രവർത്തിക്കുന്നതായും, കേരളത്തിന്റെ ആവശ്യം ഉടൻ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും കേന്ദ്ര കൃഷിമന്ത്രി അഭിപ്രായപ്പെട്ടു.

സ്മാർട്ട് കൃഷി ഭവൻ, ഡിജിറ്റൽ അഗ്രികൾച്ചർ മിഷൻ എന്നീ പദ്ധതികൾ കേരളത്തിൽ 2022ൽ തന്നെ ആരംഭിച്ചുവെന്നും, കേന്ദ്ര സർക്കാർ ഈ വർഷം നടപ്പാക്കാൻ ആരംഭിച്ച ഡിജിറ്റൽ ക്രോപ്പ് സർവ്വേ, കേരളത്തിന്റെ മൂന്നാം 100ദിന പദ്ധതിയുടെ ഭാഗമായി ആരംഭിച്ച കാർഷിക വിവരങ്ങളുടെ ഡിജിറ്റലൈസേഷൻ പദ്ധതിയായ കേരള അഗ്രി-സ്റ്റാക് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കി വരുന്നുവെന്നും മന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. കേരളത്തിൽ ജൈവകൃഷി മിഷൻ രൂപീകരിച്ച കാര്യവും കൃഷിമന്ത്രി കേന്ദ്ര കൃഷി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. കൂടുതൽ ജൈവകൃഷിയും പ്രകൃതി കൃഷിയും കേരളത്തിൽ വ്യാപിപ്പിക്കുന്നതിനുള്ള കേന്ദ്രത്തിന്റെ പിന്തുണ അനിവാര്യമാണെന്നും കൃഷിമന്ത്രി കൂട്ടിച്ചേർത്തു.

ഇതോടൊപ്പം തന്നെ കേരഫെഡിനെ കൊപ്ര സംഭരണത്തിൽ നിന്നും കേന്ദ്രസർക്കാർ ഒഴിവാക്കിയത് പുന:പരിശോധിക്കണമെന്നും




ഉണ്ട കൊപ്ര സംഭരണത്തിന് വേണ്ട അനുമതി കേരളത്തിന് ഉടനെ ലഭ്യമാക്കേണ്ടതുണ്ടെന്നും കൃഷി മന്ത്രി പി പ്രസാദ് അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട കേരളത്തിന്റെ ആവശ്യങ്ങൾക്ക് അനുമതി നൽകുമെന്ന് കേന്ദ്രം സമ്മതിച്ചു.

കാലാവസ്ഥാ വ്യതിയാനത്തെ അഭിമുഖീകരിക്കുന്നതിനും അതിജീവന കൃഷി സാധ്യമാക്കുന്നതിനുമായി ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കൃഷി - കാർഷിക അനുബന്ധ മേഖലയിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള സാമ്പത്തിക പുനരുദ്ധാരണ പദ്ധതി (കേരള എക്കണോമിക് റിവൈവൽ പ്രോഗ്രാം-KERA)യുടെ പുരോഗതി കൃഷി മന്ത്രി കേന്ദ്ര കൃഷി വകുപ്പുമായി ചർച്ച ചെയ്തു. കൂടാതെ, കേരളത്തിൽ അന്താരാഷ്ട്ര നിലവാരത്തിൽ മില്ലറ്റ്സ് (ചെറു ധാന്യങ്ങൾ) സംബന്ധിച്ചുള്ള ഒരു ദേശീയ ശില്പശാല സംഘടിപ്പിക്കാമെന്നുള്ള നിർദ്ദേശം മുന്നോട്ട് വയ്ക്കുകയും, ഇതിൽ കേന്ദ്രകൃഷി വകുപ്പ് മന്ത്രി പങ്കെടുക്കുവാനും, ഇന്ത്യയിലെ ആദ്യത്തെ കാർബ ന്യൂലിത ഫാമായി 2022 ഡിസംബർ 10ന് കേരള മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ആലുവയിലെ ഓർഗാനിക് ഫാം സന്ദർശിക്കുവാനും കേന്ദ്രകൃഷി മന്ത്രിയെ ക്ഷണിക്കുകയും ചെയ്തു.

കാർഷികോല്പാദന കമ്മീഷണർ ഡോ.ബി. അശോക് ഐ.എ.എസ്., കൃഷി ഡയറക്ടർ ശ്രീമതി. അഞ്ജു കെ.എസ്. ഐ എ എസ്, കാർഷിക വില നിർണ്ണയ ബോർഡ് ചെയർമാൻ ഡോ. പി രാജശേഖരൻ, കൃഷി അഡീഷണൽ ഡയറക്ടർ ശ്രീ. ജോർജ്ജ് സെബാസ്റ്റിയൻ എന്നിവർ കേന്ദ്രമന്ത്രിയുമായുള്ള കൂടി കാഴ്ചയിൽ സന്നിഹിതരായിരുന്നു.

# കൊപ്ര സംഭരണത്തിനുള്ള സംസ്ഥാനതല ഏജൻസിയായി കേരഫെഡിനെ അനുവദിക്കണം

## ബഹു. കൃഷി മന്ത്രി പി. പ്രസാദ് ശ്രീ.

കേരഫെഡിനെ കൊപ്ര സംഭരണത്തിൽ നിന്നും കേന്ദ്ര സർക്കാർ ഒഴിവാക്കിയത് പുന:പരിശോധിക്കണമെന്നും, കൊപ്ര സംഭരണത്തിനുള്ള സംസ്ഥാനതല ഏജൻസിയായി കേരഫെഡിനെ അനുവദിക്കണമെന്നും കൃഷി മന്ത്രി ശ്രീ. പി പ്രസാദ് ആവശ്യപ്പെട്ടു. കേന്ദ്ര കൃഷി വകുപ്പ് മന്ത്രി ശ്രീ. നരേന്ദ്രസിങ് തോമറുമായി നേരിട്ട് നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യങ്ങൾ ഉന്നയിച്ചത്. ഇതിനു പുറമെ, കേരഫെഡ് വഴി കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഉൾപ്പെട്ട കത്തും ഇന്നലെ കേന്ദ്രമന്ത്രിക്ക് കൃഷിമന്ത്രി കൈമാറി.

903 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെയും നാല് പ്രാഥമിക സഹകരണ വിപണന സംഘങ്ങളെ

യും പ്രതിനിധീകരിക്കുന്ന കേരഫെഡ് കഴിഞ്ഞ കുറേ വർഷങ്ങളായി വിവിധ സഹകരണ സംഘങ്ങൾ മുഖേന കർഷകരിൽ നിന്ന് തേങ്ങയും കൊപ്രയും താങ്ങുവിലയിൽ സംഭരിച്ചിരുന്നു. സംസ്ഥാന ഏജൻസിയായ കേരഫെഡിനെ സർക്കാർ കൊപ്ര സംഭരണ ഏജൻസിയായി പ്രഖ്യാപിച്ചുവെങ്കിലും, സ്വന്തമായി നാളികേര ഉൽപന്നങ്ങൾ ഉത്പാദിപ്പിക്കുന്ന ഒരു ഏജൻസി എന്നതിനാൽ കൊപ്ര സംഭരണത്തിൽ നിന്ന് കേരഫെഡിനെ നാഫെഡ് ഒഴിവാക്കി. അതിനാൽ 255 മെട്രിക് ടൺ കൊപ്ര മാത്രമാണ് നാഫെഡ് കഴിഞ്ഞ സീസണിൽ സംഭരിച്ചത്. 50,000 മെട്രിക് ടൺ കൊപ്രയാണ് സംഭരിക്കേണ്ടിയിരുന്നത്.

സംസ്ഥാനത്തെ കൊപ്ര സംഭരണം പൂർണമായും സുതാര്യമാക്കുന്നതിന്, എല്ലാ വ്യക്തിഗത കർഷകരുടെയും നാളികേരകൃഷിയുടെ വിസ്തൃതിയും ഉൽപാദനവും അതത് പഞ്ചായത്തിലെ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. കൊപ്ര സംഭരിക്കുന്നതിനും സ്വന്തം ഉപയോഗത്തിനുമായി



കേരഫെഡ് പ്രത്യേക വെയർഹൗസുകൾ പരിപാലിക്കണമെന്നും, സ്വന്തമായി കൊപ്ര സംസ്കരിക്കാത്ത പ്രാഥമിക സഹകരണ സംഘങ്ങൾ, കാർഷികോത്പാദന സംഘടനകൾ, കർഷക കൂട്ടായ്മകൾ എന്നിവയിലൂടെ മാത്രം കൊപ്ര സംഭരിക്കുമെന്നുമുള്ള കേരഫെഡിൽ നിന്നുള്ള ഉറപ്പിന്മേൽ കൊപ്ര സംഭരണത്തിൽ കേരഫെഡിനെ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാനാണ് മന്ത്രി ആവശ്യപ്പെട്ടത്. കൊപ്ര സംഭരണത്തിനായി കേരഫെഡിനെ സംസ്ഥാന സംഭരണ ഏജൻസിയായി അനുവദിക്കുന്നതിലൂടെ കേരളത്തിലെ നാളികേര കർഷകർക്ക് മികച്ച വില ലഭിക്കുമെന്നും, സീസണിൽ പരമാവധി സംഭരണം ഉറപ്പാക്കുവാൻ കഴിയുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# കർഷകർക്ക് പാക്കേജിങ് സാങ്കേതികവിദ്യയിൽ പരിശീലനം നടത്തി

മൂല്യവർദ്ധനവിലൂടെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുക, അതിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ സംസ്ഥാന കൃഷി വകുപ്പ് കർഷകർക്കായി പാക്കേജിങ് സാങ്കേതികവിദ്യയിൽ ദ്വിദിന പരിശീലനം നടത്തി. കർഷകർക്കും കാർഷിക ഉത്പാദന സംഘടനകൾക്കും കൃഷിക്കൂട്ടങ്ങൾക്കുമായി ഇന്ത്യൻ ഇൻസ്റ്റിയൂട്ട് ഓഫ് പാക്കേജിങ്ങും സമേതിയും സംയുക്തമായി തിരുവനന്തപുരത്താണ് പരിശീലനം സംഘടിപ്പിച്ചത്.

മൂല്യവർധന - വിപണന മേഖലകളിൽ പ്രവർത്തിക്കുന്ന കാർഷിക ഉത്പാദന സംഘടനകൾക്കും കൃഷിക്കൂട്ടങ്ങൾക്കും കർഷകർക്കും പാക്കേജിംഗ് സാങ്കേതികവിദ്യയിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി 10 പരിശീലനങ്ങളാണ് കൃഷി വകുപ്പ് സംഘടിപ്പിക്കുന്നത്.

കർഷകർ നിലവിൽ അനുവർത്തിച്ചു പോരുന്ന പാക്കേജിങ് രീതികൾ വിശകലനം ചെയ്ത് ആവശ്യമായ മാറ്റങ്ങൾ ഉൾകൊള്ളിക്കുവാനും, ആഗോള തലത്തിൽ പുതുതായി ഉപയോഗപെടുത്തുന്ന സാങ്കേതികവിദ്യകൾ കേരളത്തിലെ കർഷകർക്ക് പ്രയോജനപ്രദമാക്കുവാനും ഈ പരിശീലന പരിപാടിയിലൂടെ ലക്ഷ്യമിടുന്നു.

തിരുവനന്തപുരത്ത് നടന്ന വൈഗ 2023ൽ ഫെബ്രുവരി 27നാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങുമായി ധാരണപത്രം ഒപ്പുവച്ചത്. മാർച്ച് മാസത്തിൽ തന്നെ ആദ്യ പരിശീലന പരിപാടി സംഘടിപ്പിച്ചു.

ജൂലൈ 11,12 തീയതികളിൽ നടന്ന പരിശീലനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള 70 കർഷകർ, സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, തുടങ്ങിയവർ പങ്കെടുത്തു.



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Asha S. Kumar, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh